**<u>2021 ആഗസ്റ്റ് 10 ന് ഉച്ചക്ക് 12 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന പതിനഞ്ചാമത് സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിറ്റ്സ്</u>**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2 | ശ്രീ. വി.ആർ വിനോദ് IAS<br>കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ്<br>ഗ്രാമവികസന വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 3 | ശ്രീ.. ആർ എസ് കണ്ണൻ<br>സ്പെഷൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | | മെമ്പർ |
| 4 | ശ്രീ.അനിൽ കുമാർ എസ്<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്<br>(ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി) | : | മെമ്പർ |
| 5 | തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (നഗര) പ്രതിനിധി ശ്രീ.ബി.കെ ബൽരാജ്<br>ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) | : | മെമ്പർ |
| 6 | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

ഐറ്റം നമ്പർ –01

**25/03/2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനാലാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

25/03/2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. അനുബന്ധം– (1 )

**തീരുമാനം :**
25/03/2021 **തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ – 02

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 14th EXECUTIVE COMMITTEE MEETING HELD ON 25/03/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ –1**<br>22/02/2021 തീയ്യതിയിലെ പതിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :** 22/02/2021 തീയ്യതിയിലെ പതിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ : 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടികൾ കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ –3 കിലയുടെ HR പോളിസി – സംബന്ധിച്ച്–**<br><br>**തീരുമാനം :** കില ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ കണക്കിലെടുത്ത് ഫാക്കൽറ്റി അംഗങ്ങളെ കോടത് സമയപരിധി കണക്കിലെടുത്ത് അടിയന്തിരമായി നേരിൽ കേൾക്കുവാനും അതിന് ശേഷം റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി. പ്രസ്തുത HR പോളിസിയിൽ സംവരണം സംബന്ധിച്ച കാര്യങ്ങളും വ്യക്തമാക്കണം. ഇതേ സമയം, കിലയിൽ നിലവിലുള്ള മനുഷ്യ വിഭവ ശേഷിയിൽ വിവിധ ജനവിഭാഗങ്ങളുടെ നിലയെന്തെന്നും അത് ചിട്ടപ്പെടുത്തുന്നതിന് സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തിയിട്ടുള്ള സബ് കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 14** ആയി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| **ഐറ്റം നമ്പർ :4 –പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ – സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് – സംബന്ധിച്ച്**<br><br>**തീരുമാനം :** കില –കിഫ്ബി പ്രോജക്റ്റിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുന്നതിനായി ചേർന്ന സബ്കമ്മറ്റിയുടെ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കാവുന്നതാണെന്ന് നിരീക്ഷിച്ചു. നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു. | വിശദമായ അജണ്ട 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 15** ആയി സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ –5 – കില ലാന്റ് അക്വിസിഷൻ – അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതി വിധി – സംബന്ധിച്ച്**<br><br>തീരുമാനം : ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൻമേൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഒരു വിദഗ്ദ്ധോപദേശം കൂടി ആരായുന്നതിന് ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി | ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൻമേൽ അപ്പീൽ ഫയൽ ചെയ്യുന്നത് ഉചിതമല്ല എന്ന വിദഗ്ദ്ധോപദേശത്തെത്തുടർന്ന് വിധിന്യായം നടപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 12** ആയി സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ –6– കില കാന്റീന്റെ നടത്തിപ്പ് – കരാർ ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്**<br><br>**തീരുമാനം :** വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 2021–22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കരാർ ഒപ്പുവെച്ചു. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 9** ആയി സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ –7– വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന്റെ കരാർ ദീർഘിപ്പിച്ച്** | |

| | |
|---|---|
| **നൽകുന്നത്** – സംബന്ധിച്ച്<br><br>**.തീരുമാനം :** ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് 2021-22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കരാർ ഒപ്പുവെച്ചു. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി റിപ്പോർട്ട് 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 11** ആയി സമർപ്പിച്ചിട്ടുണ്ട്. |

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ : 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :**<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>(1) മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കിലയിൽ നിന്ന് ടിയാന് നൽകിയത് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ച് ലഭിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണർക്ക് കത്തയച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ : 03**<br>2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br>**തീരുമാനം :**<br>1. 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു . എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. | 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| **ഐറ്റം നമ്പർ -04**<br>FCRA അക്കൌണ്ട് - SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ | |

| | |
|---|---|
| അക്കൗണ്ട് തുടങ്ങുന്നത് - സംബന്ധിച്ച്<br>**തീരുമാനം :**<br>SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അനുമതി നൽകി. കിലക്ക് FCRA അക്കൗണ്ട് നിലവിലുണ്ട് എന്നതിനാൽ തന്നെ പുതുക്കിയ മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ട് അക്കൗണ്ട് തുടങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വ്യക്തമായി പരിശോധിച്ച് വേണം നടപടികൾ എടുക്കാൻ. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. FCRA അക്കൗണ്ട് ഓപ്പൺ ചെയ്ത് ലഭിച്ചിട്ടില്ല |
| **ഐറ്റം നമ്പർ –05**<br>സർവ്വീസ് ടാക്സ് അടക്കുന്നതിൽ നിന്നും കിലയെ ഒഴിവാക്കുന്നത്– സംബന്ധിച്ച്<br>**തീരുമാനം :**<br>കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കില നടത്തുന്ന പരിശീലന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ബാധകമല്ല എന്നത് സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനസഹായത്തിന്മേലും ബാധകമാക്കേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളെ ശാക്തികരിക്കുന്നതിനുള്ള പരിശീലന പരിപാടിയാണ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ ആണ് പ്രസ്തുത പരിപാടികൾ കില സംഘടിപ്പിക്കുന്നത് . ആവശ്യമായ ഉയർന്ന തല നിയമോപദേശം സ്വീകരിച്ചു കൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ലഭിക്കുന്ന സർവ്വീസ് ടാക്സ് ആനുകൂല്യം സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടത്തുന്ന പരിപാടികൾക്കും ബാധകമാക്കണമെന്നു അഭ്യർഥിച്ചുകൊണ്ട് Customs, Excise &Service Tax Appallate Tribunal Banglore മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. സർവ്വീസ് ടാക്സ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാരിൽ നിന്നും നേരിട്ട് അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് അയക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം 2021 ഏപ്രിൽ 28 ന് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.<br><br>നടപടി കൈക്കൊണ്ട് വരുന്നു |
| **ഐറ്റം നമ്പർ –12**<br>കില - കൊട്ടാരക്കര സെന്ററിലെ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണം | |

| | |
|---|---|
| **തീരുമാനം :**<br>2. മറ്റു പ്രവർത്തികൾ കില-കൊട്ടാരക്കര സെൻ്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | കില-കൊട്ടാരക്കര സെൻ്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള അനുമതിക്കായി 28/02/2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ സർക്കാരിൻ്റെ പരിഗണനയിലാണ്. |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>**ഐറ്റം നമ്പർ –01**<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

<table>
<tr><th colspan="2">ACTION TAKEN REPORT ON THE DECISION OF THE 12th EXECUTIVE COMMITTEE MEETING HELD ON 04/01/2021</th></tr>
<tr><th>Executive Committee Decision</th><th>Action Taken</th></tr>
<tr><td>
ഐറ്റം നമ്പർ –04<br>
റിസർച്ച് അസോസിയേറ്റ് നിയമനം – സംബന്ധിച്ച്<br>
തീരുമാനം<br>
റിസർച്ച് അസോസിയേറ്റുകളായി സേവനം അനുഷ്ഠിക്കുന്നവരുടെ കാലാവധി പൂർത്തീകരിക്കുന്നത് അനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് 3 വർഷക്കാലാവധിക്കു ശേഷം Performance Evaluation ന്റെ അടിസ്ഥാനത്തിലും കിലയിലെ HR പോളിസിക്ക് വിധേയമായും സ്ഥിരിപ്പെടുത്തുവാൻ തീരുമാനിച്ചു. തസ്തികയിലെ യോഗ്യതാ മാനദണ്ഡം താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.
<table>
<tr><td>Scale of Pay for thePost of Research Associte</td><td>Rs.29200-62400</td></tr>
<tr><td>Eligible Qualification (As amended by Executive Commitee decision dated 24/10/2018 – tem No.4)</td><td>
Essential Qualification
<ul>
<li>Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject</li>
<li>First class Graduation in Mathematics/Statistics</li>
<li>Experience in collection of data and survey</li>
<li>Certificate in data science and analytical programme – course not less than 3 months or the PG curriculum should include the topic</li>
</ul>
Desirable:
<ul>
<li>M Phil.</li>
<li>Publication of papers/ articles.</li>
<li>Proficiency in Data base Management/Software/Big data Analytics Data Mining</li>
<li>Past experience in Data Processing/Data Analysis</li>
</ul>
</td></tr>
<tr><td colspan="2">അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം. ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും.</td></tr>
</table>
</td><td>
തീരുമാനപ്രകാരം റിസർച്ച് അസോസിയേറ്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും പരസ്യം നൽകിയതിനെ തുടർന്ന് 180 അപേക്ഷകൾ ലഭ്യമായി. പ്രാഥമിക പരിശോധനയിൽ 97 അപേക്ഷകൾ നോട്ടിഫിക്കേഷൻ പ്രകാരം യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി അപേക്ഷകർക്ക് 30/07/2021 ന് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടത്തുവാൻ Jyothi Engg. College ചെറുതുരുത്തി സെന്ററിൽ വെച്ച് നടത്തുവാൻ നിശ്ചയിരുന്നുവെങ്കിലും കോവിഡ് 19 വ്യാപനത്തെത്തുടർന്ന് പരീക്ഷാ സെന്റർ ഡി കാറ്റഗറിയിൽ ഉൾപ്പെട്ടതിനാൽ പരീക്ഷ മാറ്റി വെച്ചിരിക്കുകയാണ്.
</td></tr>
</table>

| ACTION TAKEN REPORT ON THE DECISIONS OF THE FIRST EXECUTIVE COMMITTEE HELD ON 29.08.2017 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **Item No. 11 :Merging the Extension Training Centers with KILA – follow up**<br><br>Decision: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br><br>Expedite the action from the part of Government on the request made by the Director KILA as per EC decision | 24.02.2021-ലെ സ.ഉ.(കൈ) നം.65/2021/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് 10/08/2021 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അജണ്ട ഐറ്റം നം. 5** ആയി സമർപ്പിച്ചിട്ടുണ്ട്. |

**തീരുമാനം :**

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി**

## ഐറ്റം നമ്പർ – 3

## ഓഡിറ്റ് റിപ്പോർട്ട്: 2020-21 അംഗീകരിക്കുന്നത് സംബന്ധിച്ച്

17/02/2021 ലെ ഗവേണിംഗ് കൗൺസിലിന്റെ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ **M/s SGS & Company, Chartered Accountants, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടൻറ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെൻറ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ 20/07/2021 തീയതി ഒപ്പുവെച്ച് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പിലേക്ക് 05/08/2021 തീയതി അയച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ കിലയുടെ ആകെ വരുമാനം 1240.31 ലക്ഷം രൂപയും ആകെ ചെലവ് 1277.21 ലക്ഷം രൂപയുമാണ്.എന്നാൽ Depreciation തുകയായ 192.81 ലക്ഷം രൂപ അക്കൗണ്ട് ചെയ്യുന്നതിന് മുമ്പ് കിലയുടെ അധിക വരുമാനം 155.91 ലക്ഷം രൂപ ആണ്. Depreciation അക്കൗണ്ട് ചെയ്തതിന് ശേഷമാണ് അധിക ചെലവ് 36.90 ലക്ഷം രൂപയായിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു .

| Particulers | Rs. In Lakh |
|---|---|
| Total Income | 1240.31 |
| Total expenditure before Depreciation | 1084.41 |
| **Excess of Income over Expenditure before Depreciation** | **155.90** |
| Depreciation | 192.81 |
| Total expenditure after Depreciation | 1277.21 |
| **Excess of Expenditure over Income after Depreciation** | **36.90** |

**സർക്കാർ ധനസഹായം സംബന്ധിച്ച്**

1) 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതമായി e.LAMS ൽ ഉൾപ്പെടുത്തി 755.48 ലക്ഷം രൂപ 2020 ഏപ്രിൽ 21. ന് ലഭിച്ചു.
2) 2019-20 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ അംഗീകാരം ലഭ്യമായി e.LAMS ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയായ 885.72 ലക്ഷം രൂപ 2020-21 ൽ രണ്ട് ഗഡുക്കളിലായി ലഭിച്ചു. (781.72 ലക്ഷം രൂപ-ഒക്ടോബർ 2020, 104 ലക്ഷം രൂപ ഡിസംബർ 2020)
3) 2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതമായ 3000 ലക്ഷം രൂപയിൽ 1319.02 ലക്ഷം രൂപ കിലയ്ക്ക് ലഭിച്ചു. (136 ലക്ഷം -നവംബർ 2020, 819 ലക്ഷം-ജനുവരി 2021, 164.02 ലക്ഷം രൂപ മാർച്ച് 2021, 200 ലക്ഷം രൂപ മാർച്ച് 2021). കൂടാതെ 455.84 ലക്ഷം രൂപ e.LAMS ൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.
4) 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന വിഹിതമായ 116.63 ലക്ഷം രൂപ കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) ധനസഹായം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ചു. (73.74 ലക്ഷം രൂപ ജൂലൈ 2020, 42.89 ലക്ഷം രൂപ നവംബർ.2020)
5) 2020-21 സാമ്പത്തിക വർഷത്തിലെ കേന്ദ്രവിഹിതമായി 33 ലക്ഷം രൂപയും ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട്. (16.50 ലക്ഷം രൂപ ജനുവരി 2021, 16.50 ലക്ഷം രൂപ മാർച്ച് 2021). സംസ്ഥാന വിഹിതമായി ആദ്യഘഡു 16.5 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിലാണ് (ഏപ്രിൽ 2021) ലഭ്യമായത്.
6) 2020-21 സാമ്പത്തിക വർഷത്തിലെ കിലയുടെ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് വിഹിതമായ 42.10 ലക്ഷം രൂപ രണ്ട് ഗഡുക്കളിലായി ലഭിച്ചു.

വിവിധ പ്രൊജക്ടുകളിലായി ലഭിച്ച ധനസഹായം

| Sl. No | Particulers | Amount |
|---|---|---|
| 1 | Project Rashtreeya Garm Swaraj Abhyan(RGSA)- Govt. of India | 6,50,00,000 |
| 2 | Project - Mahila Kissan Sasaakthikaran Abhiyaan-(MKSP) | 7,86,00,000 |
| 3 | Project Disaster Management - Govt. of Kerala | 2,91,55,507 |
| 4 | Project LG DM Plan- KSDIM | 25,55,700 |
| 5 | Project TQM ISO | 1,56,80,000 |
| 6 | Project Preparation of Bio Diversity Register | 70,000 |
| 7 | UNDP IHRML Project | 13,67,740 |
| 8 | UNEP - Eco DRR Project | 14,66,300 |
| 10 | UNICEF - Strengthening GPs Capacity | 7,77,685 |
| 11 | Project- University of Essex | 2,23,399 |
| 12 | Project GIZ | 4,88,358 |
| 13 | KIIFB Project – KILA SPV Centage Charge | 3,58,72,000 |
| | **Total** | **23,12,56,689** |

സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പ്രൊജക്ടുകളിൽ നിന്നുമായി ആകെ 5464.52 ലക്ഷം രൂപയാണ് 2020-21 സാമ്പത്തിക വർഷത്തിൽ കിലയ്ക്ക് ലഭ്യമായിട്ടുള്ളത്.

**2020-21 സാമ്പത്തിക വർഷത്തിലെ കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു**

(തുക ലക്ഷത്തിൽ)

| Sl No | Particulars | Current Year 2020-21 | Previous Year 2019-20 | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | | |
| | | | | |
| **A)** | **INCOME:** | | | |
| **1** | **Income from training Programme** | **886.22** | **516.13** | **72%** |
| | **KILA HQ** | | | |
| | Administrative charges | 136.44 | 215.97 | |
| | Faculty and staff time | 19.96 | 12.83 | |
| | Course Fee collected (PGD Child Governance) | - | 0.44 | |
| | Room rent & rent training equipments, | 22.27 | 285.90 | |
| | Online Training Programmes | 667.32 | - | |
| | Online Platform Charges CHRD | 40.23 | - | |
| | | | | |
| | **KILA Kottarakkara centre** | | | |
| | Administration Charges/Mess & Hostel Fee | - | 1.00 | |
| | | | | |
| **2** | **By Grant from Government -Non Plan Fund** | **286.61** | **239.42** | **20%** |
| | **KILA HQ** | | | |
| | Non Plan Fund (Govt of Kerala) | 42.10 | 23.40 | |
| | **KILA Kottarakkara centre** | | | |
| | Recurring Grant 2019-2020 (Govt of India) | - | 116.63 | |
| | Recurring Grant 2019-2020 (Govt of Kerala) | 116.63 | - | |
| | Recurring Grant 2020-2021 (Govt of India) | 33.00 | - | |
| | Additional Grant KILA CHRD (Govt of Kerala) | 50.00 | 50.00 | |
| | Development of Centres handed over to KILA | 44.88 | 49.39 | |
| **3** | **Interest from bank** | **37.94** | **68.04** | **-44%** |
| | KILA HQ | 30.19 | 59.22 | |
| | Interest from Bank - KIIFB Project | 4.14 | - | |
| | KILA Kottarakkara centre | 3.62 | 8.82 | |
| **4** | **Other Income** | **29.53** | **38.10** | **-22%** |
| | **KILA HQ** | | | |
| | Accredited Agencies-Processing Fee | 0.30 | 0.20 | |
| | Consultancy & other income | 10.76 | 17.44 | |
| | Fee for right information | 0.01 | 0.01 | |
| | Tender forms & Photostat charges | 0.99 | 4.44 | |
| | Income From Sale of Vehicle | - | 0.50 | |
| | Quarters rent | 3.06 | 2.65 | |
| | Rent EDII | 1.19 | 1.07 | |
| | Cost of Tender Forms - KIIFB Project | 9.97 | - | |
| | Penalty / Late fee - KIIFB Project | 0.75 | - | |
| | **KILA Kottarakkara centre** | | | |

| Sl No | Particulars | Current Year 2020-21 | Previous Year 2019-20 | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | | |
| | Miscellaneous Income | 1.96 | 11.34 | |
| | Cost of Tender Forms | - | 0.04 | |
| | Sale of Scrap | - | 0.05 | |
| | Quarters Rent | 0.55 | 0.37 | |
| **TOTAL INCOME** | | **1,240.31** | **861.69** | **44%** |
| | | | | |
| **B) EXPENSES:** | | | | |
| **1** | **Administration Expenses** | **683.90** | **646.42** | **6%** |
| | **KILA HQ** | | | |
| | Pay and Allowances | 498.74 | 405.95 | |
| | Travelling allowances | 1.60 | 4.33 | |
| | Advertisement expenses | 4.01 | 1.67 | |
| | Audit fee | 1.46 | 1.46 | |
| | Security service charges | 16.44 | 23.45 | |
| | Legal charges & Professional Charges | 0.54 | 0.58 | |
| | Housekeeping of SAS | 0.03 | 5.91 | |
| | Recruitment Expenses | 1.02 | 3.22 | |
| | Consultancy Fee | 0.35 | - | |
| | **KILA Kottarakkara centre** | | | |
| | Salary & Allowances-Core Faculty | 45.09 | 66.41 | |
| | Salary & Allowances-Staff | 110.22 | 127.23 | |
| | Travelling Expenses-Staff | 0.32 | 1.07 | |
| | Subscriptions & Periodicals | 0.26 | 0.29 | |
| | Electricity & Water Supply Expenditure | 3.84 | 4.86 | |
| **2** | **Office Expenses** | **33.52** | **54.41** | **-38%** |
| | **KILA HQ** | | | |
| | Maintenance - Vehicles | 1.93 | 3.74 | |
| | Electricity Charges | 10.58 | 19.95 | |
| | GC / EC Meeting Expenses | 0.06 | 0.24 | |
| | Postage ,Telephone & Internet charges | 1.98 | 7.34 | |
| | KILA Integration Expenses | 4.17 | 3.58 | |
| | Trivandrum Regional Centre Exps | 1.15 | 7.70 | |
| | **KILA Agali Centre** | | | |
| | Vehicle Maintenance- | 1.13 | 0.48 | |
| | Electricity Charges | 3.43 | 2.67 | |
| | Telephone Charges | 0.07 | 0.03 | |
| | News Paper & Periodicals | 0.06 | 0.16 | |
| | Office Expenses - Agali | 8.53 | 3.78 | |
| | **KILA Kottarakkara centre** | | | |
| | Postage and Courier Charge | - | 0.01 | |
| | Printing & Stationary | 0.21 | 1.47 | |
| | Telephone Charges | 0.10 | 0.12 | |

| Sl No | Particulars | Current Year 2020-21 | Previous Year 2019-20 | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | | |
| | Advertisement Expenses | 0.10 | 2.99 | |
| | Cleaning Charges | 0.02 | - | |
| | Miscellaneous Expenses | - | 0.15 | |
| 3 | **Training Expenses** | **296.24** | **89.82** | **230%** |
| | **KILA HQ** | | | |
| | Honorarium and T.A | 0.33 | 1.16 | |
| | KILA Journal | 0.41 | 0.79 | |
| | Printing and Stationary/Training Materials | 1.83 | 3.13 | |
| | Bed Sheet, Pillow Cover, Etc. | 0.24 | - | |
| | Washing Charges | 0.33 | 5.32 | |
| | Cable Connection Expenses | 2.61 | 2.86 | |
| | Mess expense | 2.25 | 15.51 | |
| | Photo & Recreation expense | 0.35 | 0.18 | |
| | Vehicle charges | 0.63 | 8.09 | |
| | Field Visit Expenses | 0.44 | 5.54 | |
| | Online training expense | 207.06 | - | |
| | **KILA Kottarakkara centre** | | | |
| | Honorarium and T.A | 2.27 | 5.90 | |
| | Cable Connection Charges CHRD | 0.19 | 0.09 | |
| | Cleaning Expenses/ Washing charges -Hostel CHRD | 0.09 | 1.09 | |
| | Mess Expenses CHRD | 0.79 | 30.55 | |
| | Campus Maintenance Charges- CHRD | 14.96 | - | |
| | Loss on Demolishion of Quarters CHRD | 15.03 | - | |
| | Online video documentation charges CHRD | 1.84 | - | |
| | Field Visit Expenses | - | 0.11 | |
| | Training Expenses -Programme Expenses | - | 9.50 | |
| | Online training expense CHRD | 44.58 | - | |
| 4 | **Other Expenses** | **70.75** | **87.21** | **-19%** |
| | **KILA** | | | |
| | Bank Charges | 0.47 | 0.75 | |
| | Building Tax & water charges | 0.44 | 0.44 | |
| | Mementos | - | 0.06 | |
| | Membership fee | 1.01 | - | |
| | Newspaper and Periodicals | 1.09 | 1.67 | |
| | Repairs & Maintenance* | 8.51 | 13.50 | |
| | Miscellaneous expenses | 0.50 | 3.52 | |
| | Uniform | - | 0.20 | |
| | Accredited Agencies Expenses | 0.12 | 0.28 | |
| | Exhibition | - | 4.45 | |
| | Inspection Fee | 0.66 | 0.27 | |
| | KILA Day Expenses | 0.58 | 8.44 | |
| | Panchayat day expense | 0.07 | - | |
| | Campus Maintenance Charges | 15.82 | - | |

| Sl No | Particulars | Current Year 2020-21 | Previous Year 2019-20 | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | | (Rs. in lakhs) | | |
| | Covid 19 Expenses | 8.29 | 0.39 | |
| | **KILA Kottarakkara centre** | | | |
| | Fuel vehicle | 3.64 | 5.26 | |
| | Repair & maintenance Vehicle | 2.01 | 2.28 | |
| | Repair & maintenance Equipment's | 0.69 | 1.30 | |
| | Repair & maintenance others | 0.04 | 0.73 | |
| | Repair & maintenance Building | 0.50 | 3.50 | |
| | Repair & maintenance Computer | - | 1.35 | |
| | **KILA Agali Centre** | | | |
| | Repair & maintenance | 0.54 | 9.73 | |
| | Campus Maintenance | 16.31 | 20.28 | |
| | Security Service Charges | 9.49 | 8.81 | |
| **Expenses (before depreciation)** | | **1,084.40** | **877.86** | **24%** |
| | **Excess of Income over expenditure before depreciation/ (Expenditure over Income before depreciation)** | **155.90** | **-16.17** | |
| **C) Depreciation** | | **192.81** | **213.14** | **-10%** |
| | | | | |
| **D) Expenses (after depreciation) (B+C)** | | **1,277.21** | **1,090.99** | |
| | **Excess of Income over expenditure after depreciation/ (Expenditure over Income after depreciation)** | **-36.90** | **-229.31** | |
| **TOTAL EXPENSES** | | **1,240.31** | **861.69** | |

2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോട്ടും ശുപാർശയോട്ടും കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. **ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും അനുബന്ധം- (2) എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം :**

1) **2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോട് കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**
2) **ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിശദമായി ചർച്ച് ചെയ്ത് താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തുകയും തീരുമാനിക്കയുമുണ്ടായി.**

(1) 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയുള്ള കാലഘട്ടങ്ങളിലെ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ) ധനസഹായത്താൽ നടപ്പിലാക്കിയ കാര്യശേഷി വികസന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് Central Board of Indirect Tax and Customs ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ് എന്ന് വിലയിരുത്തി.

(2) കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കിയിട്ടുള്ളത് പോലെതന്നെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു. നടപടി: കില ഡയറക്ടർ ജനറൽ

(3) GST (Reverse Caharge) സംബന്ധിച്ച് ജി എസ് ടി കൺസൾട്ടന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുവൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

(4) Project Asset Management ലെയും MGP Replication Project ന്റെയും unutilized തുകകകൾ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

(5) കിലയിൽ നിന്നും വിവിധ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക സെറ്റിൽ ചെയ്യുന്നത് സംബന്ധിച്ച പരാമർശം വിശദമായി ചർച്ച ചെയ്തു. ആയത് 2021 നവംബറിനകം തീർപ്പാക്കുന്നതിലേക്കായി അടിയന്തര പ്രാധാന്യം നൽകുവാനും കില ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുവാനും കില ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകി

ഐറ്റം നമ്പർ – 4

**സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) – സംബന്ധിച്ച്**

തദ്ദേശഭരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി കിലയെ ഉയർത്തുമെന്ന പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് 2017 ഫെബ്രുവരി 23 ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലുള്ള അഹാഡ്സ് – സിസിപിആർഎം, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലുള്ള എസ്ഐആർഡി എന്നീ സ്ഥാപനങ്ങൾ കിലയുമായി സംയോജിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണപരമായും അക്കാദമിക്പരമായുമുള്ള പ്രവർത്തനം ഏകോപിപ്പിച്ചു.

23/07/2020 തീയതിയിലെ ഗവേണിംഗ് കൌൺസിൽ യോഗ തീരുമാന പ്രകാരം സംയോജിത കിലയുടെ നിയമാവലി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. കിലയിലെയും മുൻ എസ്.ഐ.ആർ.ഡിയിലെയും നിയമാവലികളിൽ ഉൾപ്പെട്ടുത്തേണ്ടിയിരുന്നവ കൂടി പരിഗണിച്ച് നിയമാവലി പൂർത്തീകരിക്കുന്നതിനായി കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി.

24/05/2017 ലെ സ.ഉ (കൈ) നം.103/2017തസ്വഭവ പ്രകാരം കിലയുമായി സംയോജിപ്പിച്ചിരിക്കുന്ന മുൻ എസ്.ഐ.ആർ.ഡി യിലെ നിയമാവലിയിലെ പ്രസക്തഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി **ആവശ്യമായ ഭേദഗതി വരുത്തി തയ്യാറാക്കിയ** സംയോജിത **കിലയുടെ കരട് നിയമാവലി (സർവ്വീസ് ബൈലോ) എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.(അനുബന്ധം– 3)**

**തീരുമാനം :**

**സംയോജിത കിലയുടെ കരട് നിയമാവലി (സർവ്വീസ് ബൈലോ) വിശദമായി അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. കരട് നിയമാവലിയുടെ PPT അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അവതരിപ്പിക്കുവാൻ നിർദ്ദേശിച്ചു.**

ഐറ്റം നമ്പർ – 5

മുൻ ഇടിസികളുടെ ലയനം – സംബന്ധിച്ച്

24.02.2021–ലെ സ.ഉ.(കൈ) നം.65/2021/തസ്വഭവ ഉത്തരവ് പ്രകാരം കിലയുടെ റീജിയണൽ സെന്ററുകളായ കില–സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപറമ്പ, കില – സെന്റർ ഫോർ ഗുഡ് ഗവേണൻസ്, മണ്ണുത്തി, കില–സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ്, കൊട്ടാരക്കര എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും നിലവിലുള്ള ആസ്തികളുടെയും വസ്തുവകകളുടെയും ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറിലും പുതുതായി വാങ്ങുന്നവയുടെ ഉടമസ്ഥാവകാശം കിലയിലും, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1) പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം പൂർണ്ണമായി കില ഡയറക്ടറുടെ കീഴിലായിരിക്കും. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ദൈനംദിന ചെലവുകൾ, പുതിയ വികസന പരിപാടികൾ എന്നിവ കില ഡയറക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതും ഈ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണ നടപടികൾ സംബന്ധിച്ച ഉത്തരവ് കാലാകാലങ്ങളിൽ കില ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ് എന്നും,

2) ടി സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം, നിയമനം എന്നിവയുടെ നടപടികൾ കില ഡയറക്ടറുടെ അറിവോടെ നടത്തേണ്ടതുമാണ്. എന്നാൽ, പ്രസ്തുത ഉദ്യോഗസ്ഥരുടെ ശമ്പളം അതാത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരുടെ നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് തുടർന്നും നൽകേണ്ടതുമാണ് എന്നും ഉത്തരവായിട്ടുണ്ട്.

തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ ആവശ്യമാണ്.

1. ഭരണ നടപടിക്രമങ്ങളും സാമ്പത്തിക ഇടപാടുകളും സംയോജിപ്പിച്ചുകൊണ്ട് ഒരു കുടക്കീഴിൽക്കൊണ്ടുവരേണ്ടതുണ്ട്.
2. മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.
3. സെന്ററുകളിലെ ഭരണ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കേണ്ടതുണ്ട്. ആവശ്യമായ കമ്പ്യൂട്ടറുകളും വാങ്ങേണ്ടതുണ്ട്.
4. കാലാകാലങ്ങളിലായി അറ്റക്കുറ്റപ്പണികൾ നടത്താതിരുന്നതുകൊണ്ട് മണ്ണുത്തി, തളിപ്പറമ്പ സെന്ററുകളിലെ കെട്ടിടങ്ങൾ ശോച്യാവസ്ഥയിലാണ്. ടി സെന്ററുകളുടെ കെട്ടിടങ്ങൾ അറ്റക്കുറ്റപ്പണി നടത്തുകയും ആവശ്യമായ ഫർണ്ണീച്ചറുകൾ ഉൾപ്പെടെ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കണം

**എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**

1. **ഭരണ നടപടിക്രമങ്ങളും സാമ്പത്തിക ഇടപാടുകളും സംയോജിപ്പിച്ചുകൊണ്ട് ഒരു കുടക്കീഴിൽക്കൊണ്ടുവരിക**
2. **മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിക്കുക**
3. **സെന്ററുകളിലെ ഭരണ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം സജ്ജമാക്കിക്കൊണ്ട് ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചു.**
4. **തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും കെട്ടിടങ്ങൾ അറ്റക്കുറ്റപ്പണി നടത്തുന്നതിനും ആവശ്യമായ ഫർണ്ണീച്ചറുകൾ ഉൾപ്പെടെ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനും തീരുമാനിച്ചു.**
5. **തളിപ്പറമ്പിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രം സജ്ജമാക്കുവാൻ തീരുമാനിച്ചു**

ഐറ്റം നമ്പർ – 6

**കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികളെയും ഒരേ സമയം ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പരിശീലനം നടത്തുന്നതിനും ആശയങ്ങൾ പങ്കുവെക്കുന്നതിനും സഹവർത്തിത്വം ഉണ്ടാക്കുന്നതിനുമായി 3000 പേരെ ഉൾക്കൊള്ളുന്ന International Convention Centre നിർമ്മിക്കുന്നതിന് 50 കോടി രൂപയുടെ ഭരണാനുമതി 04/01/2021 തീയതിയിലെ G.O (Rt) നം. 23/2021/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സെന്ററിന്റെ നിർമ്മാണത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ, വിശദമായ പ്ലാൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കേണ്ടതുണ്ട്.

കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഏകദേശം 9.50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറക്ക് കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധ്യമാകും.

**എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങളിലൂടെ കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കിലക്ക് ലഭ്യമാക്കുന്ന മുറക്ക് കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ, വിശദമായ പ്ലാൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് താൽപ്പര്യ പത്രം (EoI) ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും തുടർനടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

ഐറ്റം നമ്പർ – 7

**പ്രൊഫസർ തസ്തിക നിയമനം നടത്തുന്നത് – സംബന്ധിച്ച്**

കിലയിൽ അസോസിയേറ്റ് പ്രൊഫസറായി ജോലിയിൽ പ്രവേശിച്ച ഡോ. സണ്ണിജോർജ്ജ് പ്രൊഫസർ തസ്തികയിൽ നിന്നും സേവന കാലാവധി പൂർത്തീകരിച്ച് 2021 മെയ് 21 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയുണ്ടായി.

**താഴെ പറയുന്ന നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

1. പ്രൊഫസർ തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് ഉചിത തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.
2. അസോസിയേറ്റ് പ്രൊഫസർ തസ്തികയുടെ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് ഉചിത തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം :**

**പ്രൊഫസർ തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്യുകയും പ്രമോഷൻ സംബന്ധിച്ച നടപടികൾ HR Policy അംഗീകരിച്ച് ലഭ്യമാക്കുന്നതിനനുസൃതമായി തീരുമാനങ്ങൾ കൈക്കൊള്ളാമെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി.**

ഐറ്റം നമ്പർ – 8

**Assistant (II/I/Sr.Gr/Selection Grade) തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്**

കിലയിൽ Assistant (II/I/Sr.Gr/Selection Grade) തസ്തികയിൽ നിലവിൽ 4 ഒഴിവുകളാണ് ഉള്ളത്. വിശദാംശം ചുവടെച്ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | ശമ്പള നിരക്ക് (pre-revised) | യോഗ്യതാ മാനദണ്ഡം |
|---|---|---|---|---|
| 1. | Assistant (II/I/Sr.Gr/Selection Grade) | 1 | 20000-45800 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും |
| 2. | Assistant (II/I/Sr.Gr/Selection Grade) | 3 | 19000-43600 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും |

.മുൻ അഹാഡ്സും മുൻ എസ്.ഐ.ആർ.ഡി.യും കിലയിൽ സംയോജിപ്പിച്ചതിനെത്തുടർന്ന് കിലയുടെ പ്രവർത്തന മേഖലയുടെ വ്യാപ്തി വർദ്ധിച്ചിട്ടുണ്ട്. സംയോജിത കിലയിലെ ഭരണപരമായ പ്രവർത്തനങ്ങൾ സുഗമമായ രീതിയിൽ നടത്തുന്നതിനും, വർദ്ധിച്ചുവരുന്ന പരിശീലനങ്ങളുടെ എണ്ണവും പരിശീലനാർത്ഥികളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയതുമായി ബന്ധപ്പെട്ട ഫയലുകളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനും, വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി പൂർത്തകരിക്കുന്നതിനും നിലവിലെ Assistant (II/I/Sr.Gr/Selection Grade) തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണ്. മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി ഉറപ്പുവരുത്തതിനായി കൂടുതൽ ജീവനക്കാരുടെ സേവനം അത്യാവശ്യമാണ്. ആയതിനാൽ ഒഴിവുള്ള അസിസ്റ്റന്റ് തസ്തികകൾ നികത്തേണ്ടതായിട്ടുണ്ട്.

27/08/2019 ലെ ഗവേണിംഗ് കൌൺസിൽ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലും വിവിധ ബോർഡുകൾ ,കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ തല്പരൃമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് നേരിട്ടുള്ള ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ കിലയുടെ കൊട്ടാരക്കര സെന്ററിൽ രണ്ട് പേരെ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുകയുണ്ടായി.

**മേൽ പ്രതിപാദിച്ച പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ ബോർഡുകൾ, കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരിൽ തല്പരൃമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് Assistant (II/I/Sr.Gr/Selection Grade) തസ്തികയിലേക്കുള്ള നാല് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**
**തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ ബോർഡുകൾ, കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാന തസ്തികയിൽ (അസിസ്റ്റൻറ് / ക്ലർക്ക്)സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ തല്പരൃമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി കിലയിൽ ഒഴിവുള്ള താഴെപ്പറയുന്ന നാല് Assistant (II/I/Sr.Gr/Selection Grade) തസ്തികയിലേക്ക് നിയമനം നടത്തുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | ശമ്പള നിരക്ക് (pre-revised) | യോഗൃതാ മാനദണ്ഡം |
|---|---|---|---|---|
| 1. | Assistant (II/I/Sr.Gr/Selection Grade) | 1 | 20000-45800 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും |
| 2. | Assistant (II/I/Sr.Gr/Selection Grade) | 3 | 19000-43600 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും |

ഐറ്റം നമ്പർ - 9

**കില കാന്റീൻ നടത്തുന്ന വിജയശ്രീ കുടുംബശ്രീക്ക് നിലവിൽ അനുവദിച്ച മെസ് നിരക്കിൽ വർദ്ദനവ് വരുത്തുന്നത് സംബന്ധിച്ച്**

25.03.2021 ലെ എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാനപ്രകാരം കില കാന്റീൻ നടത്തുന്ന വിജയശ്രീ കുടുംബശ്രീയുമായുള്ള കോൺട്രാക്ട് 2022 മാർച്ച് 31 വരെ പുതുക്കി നൽകിയിട്ടുള്ളതാണ്. സാധന സാമഗ്രികളുടെ വില വർദ്ധനവ് പരിഗണിച്ച് നിലവിൽ അനുവദിച്ച മെസ് നിരക്കിൽ വർദ്ധനവ് വരുത്തണമെന്ന വിജയശ്രീ കുടുംബശ്രീയുടെ ആവശ്യം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരുന്നു.നിലവിലെ നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ കൊടുക്കുന്നു

| ഇനം | നിരക്ക് (രൂപയിൽ) | | |
|---|---|---|---|
| | സംസ്ഥാനതല പരിപാടികൾ | ദേശീയ തല പരിപാടികൾ | അന്തർദേശീയ തല പരിപാടികൾ |
| BED TEA/COFFEE | 7.50 | 10.00 | 10.00 |
| BREAKFAST | 50.00 | 110.00 | 125.00 |
| LECTURE SESSION TEA/COFFEE& BISKETS | 12.00 | 25.00 | 20.00 |
| LUNCH | 75.00 | 150.00 | 240.00 |
| AFTERNOONLECTURE SESSION TEA & | 20.00 | 35.00 | 25.00 |
| EVENINGTEA & BISCUTS | 12.00 | 15.00 | 15.00 |
| DINNER | 60.00 | 150.00 | 240.00 |
| TOTAL (RS.) without tax | **236.50** | **495.00** | **675.00** |
| TOTAL (RS.) with tax | **248.33** | **519.75** | **708.75** |

**സാധന സാമഗ്രികളുടെ വില വർദ്ധനവ് പരിഗണിച്ച് നിലവിൽ അനുവദിച്ച മെസ് നിരക്കിൽ വർദ്ധനവ് വരുത്തണമെന്ന വിജയശ്രീ കുടുംബശ്രീയുടെ ആവശ്യം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട അവശ്യ സാധന സാമഗ്രികളുടെ വില വർദ്ധനവ് പരിഗണിച്ച് മെസ് നിരക്കിൽ വർദ്ധനവിനുള്ള വിജയശ്രീ കുടുംബശ്രീയുടെ അപേക്ഷ പരിഗണിച്ച് നിലവിവുള്ള മെസ് നിരക്കിന്റെ 10% വർദ്ധനവ് നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ – 10

**കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് – സംബന്ധിച്ച്**

മുളംകുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിലെ കൃഷിഭവനും, കുടുംബാരോഗ്യ കേന്ദ്രവും മലയോരമേഖലകളിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനായി ഈ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ വസിക്കുന്നവർ ദീർഘദൂരം യാത്ര ചെയ്യേണ്ട അവസ്ഥയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിലെ താഴ്ന്ന പ്രദേശത്ത് പ്രസ്തുത കേന്ദ്രങ്ങളുടെ ഉപകേന്ദ്രം സ്ഥാപിക്കുന്നത് ജനങ്ങൾക്ക് വളരെസൌകര്യപ്രദമായിരിക്കുമെന്ന് ഗ്രാമസഭ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ കൈവശത്തിൽ ആവശ്യമായ സ്ഥലം ഇല്ലാത്ത സാഹചര്യമാണ്. മുളംകുന്നത്ത്കാവ് പഞ്ചായത്ത് കമ്മറ്റിയുടെ 10/06/2021 യോഗത്തിലെ 14/1 തീരുമാനപ്രകാരം കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കണമെന്ന് മുളംകുന്നത്ത്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4.07.2021 ലെ എ 2-2593/21 നമ്പർ കത്ത് മുഖേന അപേക്ഷിച്ചിട്ടുണ്ട്. **(അനുബന്ധം– 4)**

**കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേയ്ക്കും തീരുമാനത്തിനുമായി സമർപ്പിയ്ക്കുന്നു.**

**തീരുമാനം :**

**കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സ്ഥലം അനുവദിക്കുന്നത് കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരാത്തതിനാൽ പ്രസ്തുത അപേക്ഷ ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ -11

**കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഏജൻസിക്ക് കരാർ തുക വർദ്ധിപ്പിച്ച് നല്കുന്നത് - സംബന്ധിച്ച്**

കിലയിൽ പരിശീലനത്തിന് എത്തുന്ന പരിശീലനാർത്ഥികളെ കിലയിൽനിന്നും തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ /ബസ് സ്റ്റാൻഡ് /ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് കൊണ്ടുവിടുന്നതിനായും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം നല്കുന്ന ഗുരു ട്രാവൽസ്, തിരുവനന്തപുരത്തിൻറെ കരാർ കാലാവധി നിലവിലെ നിരക്ക് പ്രകാരം 2021-22 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് 25.03.2021 ൽ കൂടി എക്സിക്യൂട്ടീവ് കമ്മിററി തീരുമാനം എടുത്തിരുന്നു. ടി തീരുമാന പ്രകാരം കരാർ 2021-22 വർഷത്തേക്ക് പുതുക്കിയിട്ടുണ്ട്. ഇന്ധന വില വർദ്ധനവ്, ഇൻഷ്വറൻസ് തുക, നികുതി തുക എന്നിവയുടെ വർദ്ധനവ് പരിഗണിച്ച് നിലവിലുള്ള നിരക്കിൽ ആനുപാതിക വർദ്ധനവിനായി ടി ഏജൻസിയുടെ 06.03.2021 ലെ അപേക്ഷയിന്മേലുള്ള തീരുമാനത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരുന്നു. നിലവിലെ നിരക്കുകൾ ഇതോടൊപ്പം **അനുബന്ധം** – 5 ആയി നല്കുന്നു.

**ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് 2021-22 വർഷത്തേക്കുള്ള നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**
**2019-20 സാമ്പത്തിക വർഷത്തിൽ കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഗുരു ട്രാവൽസിന്റെ വാടക നിരക്കിൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ നിരക്ക് വർദ്ധനവ് നൽകിയിട്ടില്ല എന്നതും ഇന്ധന വില വർദ്ധനവ് പരിഗണിച്ചും നിലവിലുള്ള വാടക നിരക്കിന്റെ 15% വർദ്ധനവ് നൽകുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ –12

**കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതി വിധി – തുടർനടപടികൾ സംബന്ധിച്ച്**

കില കാമ്പസ്സിനോട് ചേർന്ന് കിടന്നിരുന്ന 5 ഏക്കർ ഭൂമി ലാന്റ് അക്വിസിഷൻ നടപടി പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കിള്ളന്നൂർ വില്ലേജിലെ പല സർവ്വെ നമ്പറുകളിലായി 2010-ൽ കിലയ്ക്ക് കൈമാറി.

G.O.(MS)No. 38/08/LSGD dt. 11.2.2008, G.O.(MS)No. 57/08/LSGD dt. 4.3.2008 എന്നീ സർക്കാർ ഉത്തരവ് പ്രകാരം Urgency Clause under Section 17(4) of LA Act പ്രകാരം ആണ് ഈ ഭൂമി കിലയ്ക്ക് അക്വയർ ചെയ്തിട്ടുള്ളത്.

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) – യുടെ ഉത്തരവ് പ്രകാരം ഒരു സെന്റ് ഭൂമിക്ക് ശരാശരി 1,21,833 രൂപ നിരക്കിൽ വില നിശ്ചയിച്ചുകൊണ്ട് ആകെ Rs. 6,09,16,706.14 രൂപയാണ് ഭൂമിയുടെ വിലയായി നൽകിയിട്ടുള്ളത്. എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ (20%) – Rs. 1,21,83,341.23 യും ചേർത്ത് ലാന്റ് അക്വിസിഷനിലേക്കായി ആകെ Rs. 7,31,00,047.37 ചെലവഴിച്ചിട്ടുണ്ട്

ഈ ഭൂമിയുടെ അവകാശികളായിരുന്ന ശ്രീമതി. സുഹൈറ ഹൈഡ്രോസ് മുതൽ പേർ അവർക്ക് നൽകിയ കോമ്പൻസേഷൻ തൃപ്തികരമല്ലാ എന്ന് കാണിച്ച് തൃശ്ശൂർ സബ്ബ് കോടതിയിൽ L.A.R. 3/20120, L.A.R, 4/2010, L.A.R. 5/2010, L.A.R. 6/2010, L.A.R. 7/2010, L.A.R. 8/2010 & L.A.R. 9/2010 എന്നീ ഏഴ് കേസുകൾ ഫയൽ ചെയ്തു. ആയതിൽ കിലയ്ക്കുവേണ്ടി അഡ്വ. കെ.ബി. മോഹൻദാസിനെ ചുമതലപ്പെടുത്തുകയും യഥാസമയം എതിർ സത്യവാങ്മൂലം നൽകുകയും ഈ കേസുകളിൽ 25.08.2014-ൽ Common Judgement and separate decrees പുറപ്പെടുവിച്ചു. ആയതുപ്രകാരം 7 കേസുകൾക്കായി 1,74,69749 രൂപയാണ് enhanced compensation നിശ്ചിയിച്ചിട്ടുള്ളത് .

തുടർന്ന് സബ്ബ്കോടതി വിധിക്ക് സ്റ്റേ ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ 7 കേസുകൾക്കും അപ്പീൽ സമർപ്പിച്ചു. ആയതിനെ തുടർന്ന് സബ് കോടതി അധികമായി നൽകുന്നതിന് ഉത്തരവായ തുകയുടെ 50% തുക കോടതിയിൽ കെട്ടി വയ്ക്കാൻ ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം തുക കെട്ടിവെച്ചതിനെത്തുടർന്ന് സബ്ബ്കോടതിയുടെ വിധിയ്ക്ക് സ്റ്റേ ലഭിച്ചു.

കില നൽകിയ 7 അപ്പീൽ കേസുകൾ 4.12.2020-ൽ തള്ളിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. ആയതിന്റെ Judgment-ന്റെ പകർപ്പ് അയച്ച്

നൽകുന്നതിനോടൊപ്പം കിലയുടെ അഭിഭാഷകനായ ശ്രീ. കെ.ബി. മോഹൻദാസ് നൽകിയിട്ടുള്ള legal opinion പ്രകാരം ഈ വിധിയിന്മേൽ ബഹു. സുപ്രീം കോടതി മുമ്പാകെ അപ്പീൽ സാധ്യതയുള്ളതായി അറിയിച്ചിട്ടുണ്ട്.

വിധിയുടെ പകർപ്പും നിയമോപദേശവും അടങ്ങിയ മേൽ വിവരങ്ങൾ 25.03.2021 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേയ്ക്കും തുടർന്ന് ബഹു. സുപ്രീം കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതു സംബന്ധിച്ച തീരുമാനത്തിനായി സമർപ്പിച്ചിരുന്നു. ബഹു.ഹൈക്കോടതിയുടെ വിധി ന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഒരു വിദഗ്ധോപദേശം കൂടി ആരായുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.യിരുന്നു. ആയത് പ്രകാരം കിലയുടെ നിലവിലെ ബഹു.ഹൈക്കോടതി സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റ് വി.എ.മുഹമ്മദിൽ നിന്ന് ഇക്കാര്യത്തിൽ ലഭിച്ച വിദഗ്ദോപദേശം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. **(അനുബന്ധം 6).** ഈ വിദഗ്ധോപദേശം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് അറിയിച്ചതിൻ പ്രകാരവും വിദഗധോപദേശം പ്രകാരവും കില ഇക്കാര്യത്തിൽ അപ്പീൽ പോകേണ്ടതന്ന് തീരുമാനിച്ചു.

Enhanced Compensation തുകയും ആയതിന്റെ പലിശയും കണക്കാക്കി 7 കേസുകൾക്കായി ആകെ 3,35,08,401 രൂപയാണ് നൽകേണ്ടത്. ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ച സമയത്ത് കെട്ടിവെച്ച തുക കഴിഞ്ഞ് ബാക്കി വരുന്ന തുക 30/07/2021 ൽ തൃശ്ശൂർ പ്രിൻസിപ്പൽ സബ്കോർട്ട് ജഡ്ജ് മുമ്പാകെ ആയതിന്റെ സ്റ്റേറ്റ്മെന്റ് സഹിതം കെട്ടിവെച്ച് സമർപ്പിച്ചിട്ടുണ്ട്. FS റെക്കോർഡ് ചെയ്യാൻ കില അഡ്വക്കേറ്റ് ശ്രീ.കെ.ബി.മോഹൻദാസ് മുഖേന നടപടി എടുത്തിട്ടുണ്ട്. കെട്ടിവെച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| # | LAR number | Enhanced value | Interest payable | Total Amount | Amount remitted on 11.3.2015 | Balance to remit | Amount remitted on 30.7.2021 | |
|---|---|---|---|---|---|---|---|---|
| | | | | | | | TDS Amount | Balance amount |
| 1 | LAR3/2010 | 2840252 | 2607611 | 5447863 | 2145791 | 3302072 | 544786 | 2757286 |
| 2 | LAR4/2010 | 225572 | 207128 | 432700 | 170380 | 262320 | 43270 | 219050 |
| 3 | LAR5/2010 | 4513615 | 4144554 | 8658169 | 3409267 | 5248902 | 865817 | 4383085 |
| 4 | LAR6/2010 | 2879512 | 2641257 | 5520769 | 2177923 | 3342846 | 552077 | 2790769 |
| 5 | LAR7/2010 | 1180382 | 1083271 | 2263653 | 892143 | 1371510 | 226317 | 1145192 |
| 6 | LAR8/2010 | 3733600 | 3429052 | 7162652 | 2819329 | 4343323 | 716264 | 3627060 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | LAR9/2010 | 2096816 | 1925779 | 4022595 | 1583355 | 2439240 | 402260 | 2036980 |
| | **TOTAL** | **17469749** | **16038652** | **33508401** | **13198188** | **20310213** | **3350791** | **16959422** |

കിലയുടെ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിലെക്കായി മാറ്റിവച്ചിട്ടുള്ള തുകയിൽ നിന്നുമാണ് മേൽ പ്രതിപാദിച്ച തുക നൽകിയിട്ടുള്ളത്.

**ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം തുക നൽകിയ കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം:**

**കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം തുക നൽകി തീർപ്പാക്കിയ കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ – 13

**LA അപ്പീൽ കേസുകൾ – പ്രൊഫഷണൽ ഫീസ് സംബന്ധിച്ച്**

LARs 3/2010, 4/2010, 5/2010, 6/2010, 7/2010, 8/2010, 9/2010 എന്നീ തൃശ്ശൂർ സബ് കോടതി മുമ്പാകെ ഉണ്ടായിരുന്ന ലാന്റ് അക്വിസിഷൻ കേസുകളെ തുടർന്ന കില ബഹു.ഹൈക്കോടതിയിൽ നൽകിയ യഥാക്രമം LAA92/2015, LAA93/2015, LAA94/2015, LAA111/2015, LAA113/2015, LAA114/2015, LAA116/2015 ഏഴ് ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളിലും തുടർന്ന ഉള്ള എക്സിക്യൂഷൻ പെറ്റീഷനുകളുടെയും പ്രൊഫഷണൽ ഫീ, മറ്റ് ചെലവുകൾ സംബന്ധിച്ച് അഡ്വക്കേറ്റ് ശ്രീ. കെ.ബി. മോഹൻദാസ് (നിലവിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ) 20/07/2021 ൽ KBM/KILA/07/115 കത്ത് നൽകിയിട്ടുണ്ട്. **(അനുബന്ധം : 7)**

| **Particulars** | **Amount (Rs)** |
|---|---|
| Balance Advocate fee in LAA 92,93,94,111,113,114 and 116/2015 - | 21,00,000 |
| Advocate fee in EP 660,667,659,668,658,669 and 670/2016 | 3,50,000 |
| Clerical Expenses | 50,000 |
| **TOTAL** | **25,00,000** |

Gurupreet Singh v/s Union of India കേസിലെ 19/10/2006 ലെ സുപ്രീം കോടതി വിധി ചൂണ്ടികാട്ടി preference of appropriation ഫയൽ ചെയ്തത് വഴി 15% പലിശ ഇനത്തിൽ കിലയ്ക്ക് 1,25,99,750/- രൂപ സേവ് ചെയ്യാൻ സാധിച്ചു എന്ന് കാണിച്ച് ആയതിന്റെ പട്ടിക കൂടി ഈ കത്തിനോടൊപ്പം നൽകിയിട്ടുണ്ട്.

**അഡ്വക്കേറ്റ് മോഹൻദാസിന്റെ പ്രൊഫഷണൽ ഫീ നൽകുന്നത് സംബന്ധിച്ച് തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം:**
**കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് മോഹൻദാസിന് പ്രൊഫഷണൽ ഫീ നൽകുന്നത് സംബന്ധിച്ച് തീരുമാനം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്യുന്നതിനായി മാറ്റി വെച്ചു. നിലവിൽ സമാന കേസുകളിൽ ഫീസ് നിരക്ക് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങളുണ്ടോ എന്നന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ – 14

**കിലയുടെ HR പോളിസി – സംബന്ധിച്ച്**

സംയോജിത കിലയുടെ HR പോളിസി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കില ഫാക്കൽറ്റി അംഗങ്ങൾ സമർപ്പിച്ച അപേക്ഷ കണക്കിലെടുത്ത് ഫാക്കൽറ്റി അംഗങ്ങളെ കോടതി സമയപരിധി കണക്കിലെടുത്ത് അടിയന്തിരമായി നേരിൽ കേൾക്കുവാനും അതിന് ശേഷം റിപ്പോർട്ട് സമർപ്പിക്കുവാൻ 25/03/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചിരുന്നു.

സബ്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് (അനുബന്ധം 8) കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ **അംഗീകാരത്തിനായി** സമർപ്പിക്കുന്നു.

**തീരുമാനം:**

**എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തിയ സബ്കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുന്നതിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ – 15

**കില സിടിഡിഎൻആർഎം, അഗളി സെന്ററിലുള്ള വാഹനങ്ങൾ – കൈമാറുന്നത് – സംബന്ധിച്ച്**

17.12.2019ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം നിലവിൽ കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള (മുൻ അഹാഡ്സ് CCPRM ലെ വാഹനങ്ങൾ) പ്രവർത്തന ക്ഷമതയുള്ള വാഹനങ്ങൾ മറ്റ് ഓഫീസ് ഉപയോഗത്തിന് ആവശ്യമെങ്കിൽ നൽകാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരുന്നു.

1. 14.10.2020 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാന പ്രകാരം ആറളം ഫാർമിംഗ് കോർപ്പറേഷന് ഒരു ജീപ്പും ( KL-50-2644) ഒരു ബുള്ളറ്റും ( KL-9-G-4738) കൈമാറിയിട്ടുണ്ട്.

2. കൃഷി വകുപ്പിന്റെ ആവശ്യത്തിനായി KL 50-2655 ജീപ്പ് വിട്ട് നൽകിയിരുന്നു അട്ടപ്പാടി ബ്ലോക്കിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ടി വാഹനം അട്ടപ്പാടിയിലെ ദുർഘടം പിടിച്ച വഴികളിൽ ഫോർ വീൽ ജീപ്പ് മാത്രമേ ഉപയോഗക്കാൻ സാധ്യമാകൂ എന്നതിലും അട്ടപ്പാടിയുടെ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുവാൻ ഒരു വാഹനം ആവശ്യമാണ് എന്നതിനാലും പ്രസ്തുത വാഹനം സ്ഥിരമായി കൃഷി വകുപ്പിന് കൈമാറണമെന്ന് 17/04/2021 തീയതിയിലെ അസിസ്റ്റന്റ് ഡയറക്ടർ കൃഷി വകുപ്പ് അഗളിയുടെ അപേക്ഷ സമർപ്പിച്ചത് പ്രകാരം KL 50-2655 ജീപ്പ് വ്യവസ്ഥകളോടെ കൃഷി വകുപ്പിന്റെ അഗളി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്.

**കില ഡയറക്ടർ ജനറലിന്റെ ഈ നടപടി അംഗീകാരത്തിനായി എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**
**കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയ കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ – 16

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ – സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് – സംബന്ധിച്ച്**

1. 28/09/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി KILA– KIIFB project – സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില – കിഫ്ബി പ്രൊജക്ടിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.

   (1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
   (2) ഡയറക്ടർ ജനറൽ, കില
   (3) ചീഫ് മാനേജർ, കില -കിഫ്ബി PMU
   (4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില – കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിച്ച് 29/09/2020 തീയതിയിൽ കില 2019/101/6200/HQ)നമ്പർ നടപടിക്രമം കില ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുകയുണ്ടായി.

ടെണ്ടർ/റീ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian Express) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം കിലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യുഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്.

| ടെണ്ടർ പരസ്യം ചെയ്ത തീയതി | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ തുറന്ന തീയതി | അംഗീകരിച്ച ടെണ്ടറുകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 09/02/2021 | 57 | 26/05/2021 | 29 |
| 09/06/2021 | 149 (ഒരെണ്ണം സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട് ) | 13/07/2021 | 60 |

മേൽനടപടികളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോഡുകളും പരിശോധിക്കുന്നതിനായി സബ്കമ്മറ്റി താഴെപ്പറയുന്ന തീയതികളിൽ ചേരുകയും ആയതിന്റെ മിനിട്സ് അംഗീകാരത്തിനായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| Date of Minutes | Remarks |
|---|---|
| 26/05/2021 | അനുബന്ധം – (9) |
| 13/07/2021 | അനുബന്ധം – (10) |

സബ്കമ്മറ്റി മിനിറ്റ്സിലെ പ്രസക്ത ഭാഗങ്ങൾ ചുവടെച്ചേർക്കുന്നു.

- സാധുവായ ടെണ്ടറുകളിൽ ചില കരാറുകാർ ഹാർഡ് കോപ്പി പോസ്റ്റിൽ അയച്ച് തന്നിട്ടില്ല. ആയത് കമ്മിറ്റി ചർച്ച ചെയ്യുകയും കോവിഡ് 19 മഹാമാരി കാലത്ത് കാർഡ് കോപ്പി നിർബന്ധമില്ലായെന്ന് ബഹു:സർക്കാർ ഉത്തരവുമാനിച്ച് അത്തരം ദർഘാസുകൾ അംഗീകരിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും സാധുവായതുമായ എല്ലാ ദർഘാസുകൾ അംഗീകരിക്കുന്നതിനും സാധുവായ ടെൻഡറുകൾ ലഭ്യമല്ലാത്തതും സിംഗിൾ ടെൻഡറുകൾ ലഭ്യമായതുമായ പ്രവർത്തികളുടെ ടെൻഡർ നിരസിച്ച് റീടെൻഡർ ചെയ്യുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

- എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% അധികരിച്ച് തുക ക്വാട്ട് ടെൻഡറുകൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ടെൻഡറുകൾ സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ അത്തരം ടെൻഡറുകൾ സമർപ്പിച്ച കരാറുകാരുടെ നെഗോഷിയേറ്റ് ചെയ്ത് 10% നുള്ളിൽ അധികരിച്ച നിരക്കിൽ പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തയ്യാറാണെങ്കിൽ മേൽ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ അംഗീകരിച്ച് നൽകുന്നതിനും അല്ലാത്ത പക്ഷം റീ-ടെണ്ടർ ചെയ്യുന്നതിനും കമ്മിറ്റി യോഗം ഏകകണ്ഠമായി തീരുമാനിച്ചു. ഈ ടെൻഡറിന്റെ firm Period അവസാനിക്കുന്നതിനു മുൻപ് ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികരിച്ച നിരക്ക് ക്വാട്ട് ചെയ്ത പ്രവർത്തികളെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിന് കമ്മിറ്റിയോഗം കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
- കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് കരാറുകാർക്ക് 31-03-2021 ൽ അവസാനിച്ച അവരുടെ ലൈസൻസ് കാലാവധി പുതുക്കി വാങ്ങുന്നതിന് തടസ്സം നേരിട്ടതായി കമ്മിറ്റി വിലയിരുത്തി. ഈ വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ഇത്തരം 31-03-2021 ൽ ലൈസൻസ് കാലാവധി കഴിഞ്ഞ കരാറുകാർ ഈ ടെൻഡറിൽ പങ്കെടുത്തിട്ടുള്ളവർ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ PWD പോർട്ടലിൽ സമർപ്പിച്ചതിന്റെയും ലൈസൻസ് ഫീ ഒടുക്കിയതിന്റെയും രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത്തരം കരാറുകാരുടെ ടെൻഡറുകൾ പരിഗണിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രാഥമിക കരാർ ഉടമ്പടി സർക്കാർ തീരുമാനപ്രകാരം മുദ്രപത്രത്തിന് പകരം വെള്ളക്കടലാസിൽ

തയ്യാറാക്കിയ സമർപ്പിച്ചിട്ടുള്ള ടെൻഡറുകളും, ഹാർഡ് കോപ്പി ലഭ്യമല്ലെങ്കിലും e-tender സൈറ്റിൽ എല്ലാ valid രേഖകളും ഉണ്ടെങ്കിൽ അത്തരം ടെണ്ടറുകളും നിരസിക്കേണ്ടതില്ലെന്നും കമ്മിറ്റിയോഗം തീരുമാനിച്ചു.

- ചില കരാറുകാർ ടെണ്ടർ സമർപ്പിച്ച കമ്മിറ്റി അംഗീകാരം ലഭ്യമാക്കി സെക്ഷൻ നോട്ടീസ് കൈപ്പറ്റിയ ശേഷം കാലാവധിക്കുള്ളിൽ കരാർ ചമക്കാതിരിക്കുകയും പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്ന പ്രവണത നിലവിൽ കണ്ടുവരുന്നു. ഈ പ്രശ്നം കമ്മിറ്റി യോഗം വിശദമായി പരിശോധിക്കുകയും അത്തരം കരാറുകാരുടെ EMD കണ്ടുകെട്ടി കേരള പൊതുമരാമത്ത് മാന്വൽ 2012 (Revised) 2009.6 ഖണ്ഡിക പ്രകാരം L2 കരാറുകാരനോട് L1 കരാറുക്കാരൻ ക്വോട്ട് ചെയ്ത നിരക്കിൽ പ്രവർത്തി ഏറ്റെടുത്തു നടത്തുവാൻ നെഗോഷിയേറ്റ് ചെയ്യുന്നതിനും L2 കരാറുക്കാരൻ സമ്മതിക്കുകയാണെങ്കിൽ ടിയാന് പ്രവർത്തി അനുവദിച്ച കരാർ ചെയ്യുവാൻ അവസരം നൽകുന്നതിനും വിസമ്മതിക്കുകയാണെങ്കിൽ പ്രവർത്തി L1 കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനും യോഗം തീരുമാനിച്ചു. ഇപ്രകാരം പിന്മാറുന്ന കരാറുകാർ ആവശ്യമായ എല്ലാ രേഖകളുമുൾപ്പെടെ തുടർന്നുവരുന്ന ടെണ്ടറുകളിൽ പങ്കെടുക്കുകയാണെങ്കിൽ ടിയാനെ L1 ആയിരുന്നെങ്കിൽ അംഗീകരിക്കുന്നതിനും കമ്മിറ്റി യോഗം തീരുമാനിച്ചു.
- 19.01.2021 ലെ ടെണ്ടർ അംഗീകാര കമ്മറ്റി കിഫ്ബിയുടെ അംഗീകാരത്തോടെ 10% വരെ എസ്റ്റിറ്റിമേറ്റിൽ നിന്നും അധികരിച്ച തുക ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ആയവ കിഫ്ബിയുടെ PFMS Software ൽ അപ്ഡേറ്റ് ചെയ്യുന്ന മുറക്ക് കിഫ്ബി അംഗീകാരം നൽകുന്നതുമാണെന്നതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിർമ്മിക്കുന്നതിനേക്കാൾ 10% വരെ അധികരിക്കുന്ന ടെണ്ടറുകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ കിഫ്ബി ഡി പി ആർ അംഗീകരിച്ചത് ക്ലസ്റ്ററടിസ്ഥാനത്തിൽ ആണ്. ഡിപിആർ അംഗീകരിച്ച് FS നൽകുമ്പോൾ ഓരോ ക്ലസ്റ്ററിലേയും തുക അധികരിക്കുവാൻ പാടില്ല എന്ന നിർദ്ദേശം കിഫ്ബിയിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ടെണ്ടറിൽ ലഭ്യമായ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുന്ന പ്രവർത്തികളുടെ ടെണ്ടറുകൾ കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**സബ് കമ്മറ്റിയുടെ മിനിറ്റ്സുകൾ അനുബന്ധം – (9, 10) എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**2. പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്**

446 സ്കൂളുകളിൽ feasible ആയിട്ടുള്ള 405 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 397 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടര്ന്ന് 'സാങ്കേതികാനുമതി സമിതികൾ' 330 സ്കൂളുകള്ക്ക് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. തുടര്ന്ന് 321 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 151 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 67 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

| | DISTRICT | Total No. works | Not Feasible works (Nos) | Feasible works (Nos) | Approved by KIIFB | TS issued | Tendered | Agreement executed | Work Started | TS Remaining | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | Pending due to corrections | TS Pending due to various issues |
| 1 | Thiruvananthapuram | 55 | 2 | 53 | 53 | 52 | 50 | 30 | 7 | 1 | 0 |
| 2 | Kollam | 31 | 5 | 26 | 25 | 24 | 24 | 10 | 6 | 0 | 1 |
| 3 | Pathanamthitta | 3 | 0 | 3 | 3 | 3 | 3 | 2 | 2 | 0 | 0 |
| 4 | Alappuzha | 24 | 2 | 22 | 18 | 9 | 9 | 1 | 0 | 8 | 1 |
| 5 | Kottayam | 9 | 0 | 9 | 9 | 7 | 7 | 0 | 0 | 1 | 1 |
| 6 | Ernakulam | 25 | 4 | 21 | 21 | 14 | 13 | 3 | 0 | 6 | 1 |
| 7 | Idukki | 12 | 0 | 12 | 12 | 11 | 10 | 5 | 2 | 1 | 0 |
| 8 | Thrissur | 32 | 3 | 29 | 29 | 27 | 27 | 11 | 6 | 0 | 2 |
| 9 | Palakkad | 36 | 2 | 34 | 34 | 34 | 34 | 33 | 24 | 0 | 0 |
| 10 | Malappuram | 65 | 9 | 56 | 53 | 47 | 44 | 19 | 8 | 0 | 6 |
| 11 | Kozhikkode | 31 | 2 | 29 | 29 | 20 | 19 | 10 | 4 | 2 | 7 |
| 12 | Wayanad | 30 | 0 | 30 | 30 | 24 | 24 | 7 | 2 | 3 | 3 |
| 13 | Kannur | 40 | 7 | 33 | 33 | 25 | 25 | 18 | 6 | 1 | 7 |
| 14 | Kasaragod | 53 | 5 | 48 | 48 | 33 | 32 | 2 | 0 | 8 | 7 |
| | **Total** | **446** | **41** | **405** | **397** | **330** | **321** | **151** | **67** | **31** | **36** |

**മേൽ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു**

**തീരുമാനം :**
**സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടറുമായി ബന്ധപ്പെട്ട 26/05/2021, 13/07/2021 തിയതികളിലെ സബ് കമ്മറ്റിയുടെ മിനിറ്റ്സുകൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് അംഗീകരിച്ചു.**

ഐറ്റം നമ്പർ – 17

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് –**

കിലയെ സ്പെഷൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തി കിഫ്ബിയുടെ ധനസഹായത്തോടെ കേരളത്തിലെ 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 28.11.2019 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം കിലയെ ചുമതലപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം മുഖാന്തിരം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലൂടെ മാത്രമേ 18/06/2019–ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം നടത്താനാവുകയുള്ളൂ എന്നതിനാൽ, യോഗ തീരുമാനത്തിനനുസൃതമായി, സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ചുവടെച്ചേർത്തിട്ടുള്ള പ്രവർത്തികളുടെ ചുമതല/ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവാകേണ്ടതുണ്ട്.

(1) ഡി പി ആർ തയ്യാറാക്കി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) ന് സമർപ്പിക്കുക
(2) KIIFB യുടെയും സാങ്കേതികാനുമതി സമിതി (Technical Sanction Committee) യുടെയും നിർദ്ദേശമനുസരിച്ച് DPR–ൽ ആവശ്യമായ തിരുത്തലുകൾ വരുത്തുക.
(3) സാങ്കേതികാനുമതി സമിതിയിൽ പങ്കെടുത്ത് ആവശ്യമായ വിശദീകരണം നൽകുക.
(4) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) മായി കരാർ വെക്കുന്ന L1 കരാറുകാരൻ മുഖാന്തിരം പ്രവർത്തി നിർവഹിക്കുക.
(5) പ്രവർത്തി നിർവ്വഹണത്തിന്റെ ഭാഗമായി, സാങ്കേതികാനുമതി പ്രകാരം PMU ന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് നിർമ്മാണത്തിന് ഗുണനിലവാരമുള്ള വസ്തുക്കളുടെ ഉപയോഗം ഉറപ്പുവരുത്തുക, പ്രവർത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, KIIFB യുടെ മാനദണ്ഡങ്ങൾക്കനുസൃതമായി രജിസ്റ്ററുകളും ബുക്കുകളും സൂക്ഷിക്കുക, Measuring & Check Measuring ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾ, KIIFB യുടെ ഫോർമാറ്റുകളും നിർദ്ദേശങ്ങളും പ്രകാരം റിപ്പോർട്ടുകൾ സമർപ്പിക്കുക, പ്രവർത്തിയുടെ പൂർത്തിയാക്കൽ, ബിൽ തയ്യാറാക്കൽ, പദ്ധതി PMU വിന് കൈമാറൽ

(6) പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കൽ

(7) പ്രവർത്തി നിയമാനുസൃതം പൂർത്തീകരിച്ച ശേഷം നിബന്ധനകൾക്കനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് വിട്ടുതൽ ചെയ്യുന്നത് സംബന്ധിച്ച ശുപാർശ സമർപ്പിക്കുക.

മേൽ വിഷയം സംബന്ധിച്ച് 2019/101/6200/HQ അപേക്ഷ മുഖേന 20/05/2021, 15/07/2021 തീയതികളിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് **എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലൂടെ മാത്രമേ 18/06/2019-ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം നടത്താനാവുകയുള്ളു എന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**

ഐറ്റം നമ്പർ – 18

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project – 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനം ( 3 കോടി വീതം)**

28/11/2021 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 783/2021-പൊവിവ പ്രകാരം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ മൂന്ന് കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൌകര്യ വികസന പ്രവര്ത്തധനങ്ങള്ക്കാ യി 233 സ്കൂളുകളുടെ എസ്.പി.വി.യായി ഇൻകലിനെ ചുമതലപ്പെടുത്തിയ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്ത 194-സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തി ഉത്തരവായി. അതോടൊപ്പം തന്നെ 04/11/2020 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 2997/2020-GEDN (അനുബന്ധം -2)പ്രകാരം 6 സ്കൂളുകളുടെ നിര്മ്മാണ പ്രവര്ത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് കോടി രൂപ വീതം ധനസഹായമുള്ള ആകെ 200 സ്കൂളുകളുകളുടെ നിർമ്മാണത്തിന് കിലയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി അപേക്ഷ നൽകിയിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല എന്നത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

**മേൽ വിവരം കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.**

**തീരുമാനം :**
**200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനം ( 3 കോടി വീതം) ത്തിനായുള്ള പ്രവർത്തനങ്ങൾ കില ഏറ്റെടുക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി ആശങ്ക അറിയിച്ചു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെന്ന നിലയിൽ പ്രസ്തുത സ്കൂളുകൾ സംബന്ധിച്ച തീരുമാനം സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കേണ്ടതാണ്.**

ഐറ്റം നമ്പർ – 19

**കില – കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ശ്രീ സാഹ്ജി കെ.ജി.യെ കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിയോഗിച്ചത് – സംബന്ധിച്ച്**

05/05/2020 തീയതിയിലെ സ.ഉ(സാധാ) നം.829/2020/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിൽ എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ സാഹ്ജി കെ ജി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ കിലയിലെ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ റീജിയണൽ മാനേജർ (ടെക്നിക്കൽ) ആയി നിയമിതനായ 2021 ഏപ്രിൽ 30 ന് അദ്ദേഹം സർവീസിൽ നിന്ന് വിരമിച്ചു. സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് കില ഡയറക്ടർ ജനറലുടെ നടപടിക്രമം പ്രകാരം ശ്രീ സാഹ്ജി കെ.ജി.യെ റീജിയണൽ മാനേജർ ആയി കൺസൾട്ടൻസി അടിസ്ഥാനത്തിൽ 03/05/2021 മുതൽ നിയോഗിക്കുകയുണ്ടായി .
തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ശ്രീ അനിൽകുമാർ എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കില പിഎംയുവിൽ റീജിയണൽ മാനേജരായി അന്യത്ര സേവന വ്യവസ്ഥയിൽ 10/06/2021 ന് ജോലിയിൽ പ്രവേശിച്ചെങ്കിലും പ്രവർത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് 14.06.2021 തീയതി മുതൽ 3 മാസത്തേക്ക് ശ്രീ സാഹ്ജി കെ ജിയെ പ്രൊജക്റ്റ് കൺസൾട്ടന്റായി 56485/- പ്രതിമാസ നിരക്കിൽ നിയോഗിച്ചിട്ടുണ്ട്.

**കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**
**കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ശ്രീ സാഹ്ജി കെ.ജി. സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് പ്രൊജക്റ്റിൽ നിയോഗിച്ച കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ – 20

കില പ്രവർത്തന റിപ്പോർട്ട്

2021-22 സാമ്പത്തിക വർഷത്തിൽ നാളിതുവരെ കില നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പരിപാടികളുടെ സംക്ഷിപ്ത വിവരം അനുബന്ധം 11 ആയി ഉൾച്ചേർത്തിട്ടുള്ളത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**തീരുമാനം :**

**2021-22 സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പരിപാടികൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. .**

യോഗം ഉച്ചക്ക് 1.20 ന് അവസാനിച്ചു.

Saradaly

**ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മറ്റി**